"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**ഇലക്ഷൻ (ജനറൽ) വകുപ്പ്**

നം-EL2/42/2022-ELEC തിരുവനന്തപുരം, തീയതി: 28-02-2022

**പരിപത്രം**

വിഷയം:- ഇലക്ഷൻ വകുപ്പ് — വോട്ടർപട്ടികയുടെ കൃത്യത —കർശന നിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

********

സംസ്ഥാനത്തെ നിയമസഭാ നിയോജക മണ്ഡലങ്ങളിലെ വോട്ടർ പട്ടിക (ഫോട്ടോ ഇലക്ടറൽ റോൾ), ഇലക്ടറൽ ഫോട്ടോ ഐഡന്റിറ്റി കാർഡ് (EPIC) എന്നിവ പ്രത്യേക സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കൽ യജ്ഞം 2022 (SSR-2022) ന്റെ ഭാഗമായി അച്ചടിക്ക് തയ്യാറാക്കുന്ന അവസരത്തിൽ നിരവധി തെറ്റുകൾ ശ്രദ്ധയിൽപെട്ടിരുന്നു. അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കുന്നതിലെ വീഴ്ചയാണിത് സൂചിപ്പിക്കുന്നത്. ഇത്തരം കാർഡുകൾ അച്ചടിച്ച് വിതരണം ചെയ്യുന്നത് പരാതികൾക്കും ആക്ഷേപങ്ങൾക്കും ഇടനൽകുന്നതാണ്. അടിസ്ഥാനതലത്തിൽ വോട്ടർ പട്ടികയുടെ ശുദ്ധത ഉറപ്പ് വരുത്തേണ്ട ചുമതല അതത് പോളിംഗ് സ്റ്റേഷനുകളിലെ ബൂത്ത് ലെവൽ ഓഫീസർമാർക്കാണ്. വോട്ടർ പട്ടികയിൽ വന്നിട്ടുള്ള കൃത്യതയില്ലായ്മയ്ക്ക് (തിരുത്തലുകൾ, ക്രമപ്രകാരമല്ലാത്ത ഫോട്ടോ, ഒഴിവാക്കപ്പെടേണ്ടവർ തുടങ്ങിയവ) പ്രധാന കാരണം പ്രസ്തുത ചുമതലകൾ നിർവ്വഹിക്കുന്നതിലെ ബൂത്ത് ലെവൽ ഓഫീസർമാരുടെ വീഴ്ചയാണെന്ന് കാണുന്നു. യഥാസമയം ഇത് പരിഹരിക്കുന്നതിൽ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ/ അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ തലത്തിലും വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. കരട് വോട്ടർ പട്ടികയിലെ പിഴവുകൾ അന്തിമ വോട്ടർ പട്ടികയിലും ആവർത്തിക്കുന്ന സ്ഥിതിവിശേഷം നിലവിലുണ്ട്.

ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കുന്നതിനും, വോട്ടർ പട്ടികയിലെയും ഇലക്ടറൽ ഫോട്ടോ ഐഡന്റിറ്റി കാർഡിലെയും കൃത്യത ഉറപ്പ് വരുത്തുന്നതിനും ചുവടെ പറയും പ്രകാരം കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) അതത് പോളിംഗ് സ്റ്റേഷൻ പരിധിയിൽ താമസക്കാരായ വോട്ടർമാരാണ് ബൂത്ത് ലെവൽ ഓഫീസർമാരായി (ബി.എൽ.ഒ.) നിയമിക്കപ്പെടുന്നത്. പോളിംഗ് സ്റ്റേഷൻ പ്രദേശത്തെക്കുറിച്ചും അവിടുത്തെ വോട്ടർമാരെ കുറിച്ചും വ്യക്തമായ അറിവ് ബി.എൽ.ഒ. യ്ക്ക് ഉണ്ടായിരിക്കണം. ചുമതലയുള്ള പോളിംഗ് സ്റ്റേഷനിലെ വോട്ടർ പട്ടികയെ സംബന്ധിച്ച് വ്യക്തമായ ധാരണ ബൂത്ത് ലെവൽ ഓഫീസർക്ക് ഉണ്ടാകേണ്ടതാണ്.

(2) പോളിംഗ് സ്റ്റേഷനിലെ വോട്ടർപട്ടിക, ബൂത്ത് ലെവൽ ഓഫീസർ നിരന്തരം പരിശോധനയ്ക്ക് വിധേയമാക്കുകയും തെറ്റുകൾ കണ്ടെത്തിയാൽ ഉടനടി ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ/ അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ-നെ രേഖാമൂലം അറിയിക്കേണ്ടതാണ്.

(3) വോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ ആരെങ്കിലും മരണപ്പെടുകയോ/താമസം മാറുകയോ ചെയ്താൽ നടപടിക്രമങ്ങൾ പാലിച്ച് അവരെ പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിനായി ഉടനടി ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ/ അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ -നെ രേഖാമൂലം അറിയിക്കേണ്ടതാണ്. ഇതിനായി ബൂത്ത് ലെവൽ

ഓഫീസർമാർ തങ്ങൾക്ക് അനുവദിച്ചിട്ടുള്ള പോളിംഗ് പ്രദേശത്ത് ഫീൽഡ് സന്ദർശനം നടത്തി മരണപ്പെട്ടവർ/ താമസം മാറിപ്പോയവർ/ നിലവിലില്ലാത്ത വോട്ടർമാർ എന്നീ വിവരങ്ങൾ നേരിട്ട് ബോധ്യപ്പെടേണ്ടതാണ്.

(4) ബൂത്ത് ലെവൽ ഓഫീസർമാർ വോട്ടർ പട്ടികയിലെ അക്ഷരത്തെറ്റുകൾ, ആവർത്തനങ്ങൾ/ ഇരട്ടിപ്പുകൾ, പട്ടികയുടെ തലക്കെട്ടുകളും ഉപതലക്കെട്ടുകളും പോളിംഗ് പ്രദേശത്തെ സംബന്ധിച്ച അതിർത്തികൾ ഉൾപ്പെടെയുള്ള വിവരങ്ങളും, വോട്ടർമാരുടെ ഫോട്ടോഗ്രഫുകളും സൂക്ഷ്മപരിശോധന നടത്തി ആധികാരികത ഉറപ്പാക്കേണ്ടതാണ്.

(5) ബൂത്ത് ലെവൽ ഓഫീസർമാർ ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷന്റെ മാന്വൽ ഓൺ ഇലക്ടറൽ റോളിൽ അനുശാസിക്കും പ്രകാരം നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതാണ്.

(6) ബൂത്ത് ലെവൽ ഓഫീസർ ലഭ്യമാക്കുന്ന റിപ്പോർട്ട് സൂക്ഷ്മ പരിശോധന നടത്തി പിഴവുകളില്ലെന്ന് ബോധ്യപ്പെട്ട് സമയബന്ധിതമായി ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ/ അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

(7) ബൂത്ത് ലെവൽ ഓഫീസർമാരുടെ പ്രകടനം ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ/ അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ നിരന്തരം വിലയിരുത്തേണ്ടതും ആവശ്യമെങ്കിൽ തിരുത്തൽ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

(8) മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വരുന്ന വീഴ്ച ഈ ഓഫീസ് ഗൗരവമായി കാണുന്നതാണ്. ഇവ പാലിക്കപ്പെടുന്നുണ്ടെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർ കൃത്യമായ ഇടവേളകളിൽ അവലോകനം നടത്തി ഉറപ്പാക്കേണ്ടതാണ്.

SANJAY M KAUL
SECRETARY & CHIEF ELECTORAL
OFFICER

പകർപ്പ് :

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ (ജില്ലാ കളക്ടർ) മാർക്കും.
എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ (തഹസിൽദാർ) മാർക്കും / എല്ലാ അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ (ഇലക്ഷൻ ഡെപ്യൂട്ടി തഹസിൽദാർ) മാർക്കും (ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ മുഖേന)
എല്ലാ ബൂത്ത് ലെവൽ ഓഫീസർമാർക്കും. (ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ മുഖേന)
ഇ.എൽ.1/ ഇ.എൽ.3/ ഇ.എൽ.4 സീറ്റുകൾക്ക്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Shivlal R V**
**Date: 28-02-2022 11:07:53**

സെക്ഷൻ ഓഫീസർ.